

# അക്കാദമിക മാസ്റ്റർ പ്ലാൻ

എ.എം.എൽ.പി.എസ്
ഇട്ടിലാക്കൽ

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## അടിസ്ഥാനവിവരങ്ങൾ:

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.എം.എൽ.പി.എസ്. ഇട്ടിലാക്കൽ. |
| വിലാസം | : | പൊൻമുണ്ടം(പി.ഒ), മലപ്പുറം ജില്ല, 676106 (പിൻ). |
| ഫോൺ | : | 9744658444. |
| സ്കൂൾ കോഡ് | : | 19621. |
| വിദ്യാഭ്യാസ ഉപജില്ല | : | താനൂർ |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി. |
| റവന്യൂ ജില്ല | : | മലപ്പുറം. |
| ബി. ആർ. സി. | : | താനൂർ. |
| സി. ആർ. സി. | : | കുറ്റിപ്പാല. |
| ഗ്രാമപഞ്ചായത്ത് | : | പൊൻമുണ്ടം. |
| ബ്ലോക്ക് പഞ്ചായത്ത് | : | താനൂർ. |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം. |
| നിയമസഭാ മണ്ഡലം | : | തിരൂർ. |
| ലോകസഭാ മണ്ഡലം | : | പൊന്നാനി. |
| താലൂക്ക് | : | തിരൂർ |
| വില്ലേജ് | : | പൊൻമുണ്ടം |
| ഇ. മെയിൽ | : | amlpsittilakkal@gmail.com. |

# ആമുഖം

കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റത്തിന് നാന്ദി കുറിക്കുന്ന ഒരുപാട് പ്രവർത്തനങ്ങളാണ് നാം ഇവിടെ ആലേഖനം ചെയ്യുന്നത്. സമൂലമായ പ്രവർത്തനത്തിന് നാം വിധേയമാകേണ്ടിയിരിക്കുന്നു. വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തിയെടുത്ത ഒരുപിടി ആശയങ്ങളാണ് ഞങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ അക്കാദമിക ഭൗതിക, സാമൂഹിക ചുറ്റുപാടുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ മികവിന്റെ പാതയിൽ ഞങ്ങളുടെ സ്ഥാപനത്തെ എത്തിക്കുമെന്നതിൽ ഞങ്ങൾക്ക് അടിയുറച്ച വിശ്വാസമുണ്ട്. അതായിരിക്കും മുമ്പോട്ടുള്ള ഞങ്ങളുടെ ലക്ഷ്യവും... ......

1925- ആരംഭിച്ച് ഒരു നൂറ്റാണ്ട് പിന്നിട്ട AMLP School Ittilakkal മികച്ച ഭൗതിക സൗകര്യങ്ങളോടും അക്കാദമികമായും അനക്കാദമികമായും നേടിയ വിജയ നേട്ടങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. 2024- sep-26 ന് അതിഗംഭീരമായ ആഘോഷ പരിപാടികളോട് കൂടി പുതിയ കെട്ടിടത്തിലേക്ക് വിദ്യാലയം മാറ്റി സ്ഥാപിച്ചു. ഈ വിദ്യാലയത്തിലെ മാനേജ്മെന്റും മറ്റു അംഗങ്ങളും വിദ്യാലയത്തിലെ എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നവരാണ്. എല്ലാ അധ്യാപകരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി വിദ്യാലയ അന്തരീക്ഷം ഏറ്റവും മികച്ചതായി കൊണ്ടുപോകാൻ സാധിക്കുന്നുണ്ട്.

10 സ്ഥിര അധ്യാപകരും 6 താൽക്കാലിക അധ്യാപകരും 376 വിദ്യാർത്ഥികളും 3 ജോലിക്കാരും അടങ്ങുന്നതാണ് വിദ്യാലയത്തിലെ അംഗങ്ങൾ. കൂടാതെ 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ ഓരോ ഡിവിഷൻ വീതം ഈ അധ്യയന വർഷാരംഭത്തിൽ അധികരിപ്പിച്ചിട്ടുണ്ട്. അതിൽ 1-ാം ക്ലാസ്സിൽ 119 കുട്ടികളിൽ 91 കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിലും 28 കുട്ടികൾ മലയാളം മീഡിയത്തിലും പഠിക്കുന്നുണ്ട്. അതുപോലെ 2-ാം ക്ലാസ്സിൽ 110 കുട്ടികളും, 3-ാം ക്ലാസ്സിൽ 78 കുട്ടികൾ 4-ാം ക്ലാസ്സിൽ 69 കുട്ടികളുമാണ് വിദ്യാലയത്തിൽ പഠിക്കുന്നത്. ഇക്ക ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് മീഡിയവും നടപ്പിലാക്കി വരുന്നു.

വിദ്യാലയത്തിന്റെ കഴിഞ്ഞ വർഷത്തെ അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങൾ മികവാർന്നതായിരുന്നു. LSS മത്സര പരീക്ഷയിലെ ഉന്നത വിജയം അതിന് തെളിവാണ്. കൂടാതെ പഠനോത്സവം, കലാ കായിക മത്സരങ്ങളിലെ കുട്ടികളുടെ പ്രകടനം, PTA ഭാരവാഹികളുടെ സജീവ പങ്കാളിത്തം, ദിനാചരണ ക്ലാസ് തല സ്കൂൾ തല പരിപാടികൾ എന്നിവയെല്ലാം മികവാർന്ന പ്രവർത്തനങ്ങളുടെ മുതൽക്കൂട്ടുകളായിരുന്നു.

കൂടാതെ അനക്കാദമിക് പ്രവർത്തനങ്ങളിൽ മികച്ച വിദ്യാർത്ഥികളെ കലാമേളയുടെ ഭാഗമായി പങ്കാ-യത്ത്, സബ്ജില്ല തല പരിപാടികളിൽ ഉന്നത നേട്ടം തന്നെ വിദ്യാലയത്തിന് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ഓണം, ക്രിസ്മസ്, ബക്രീദ് തുടങ്ങിയ ആഘോഷ പരിപാടികളും കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കി നടത്താൻ സാധിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

* ശിശു കേന്ദ്രീകൃതവും ജനപക്ഷത്തിലൂന്നിയതുമായ മികവാർന്ന വിദ്യാഭ്യാസം ലഭിക്കുന്ന അന്തരീക്ഷത്തിൽ ഒരുക്കുക.
* അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ നവീന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പഠനത്തെ രസകരമാക്കുക.
* LKG മുതൽ 4ാം ക്ലാസ് വരെയുള്ള തലങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ പാഠ്യപദ്ധതിക്കനുസൃതമായി നേടിയെടുക്കുന്ന വിധത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* സമൂഹത്തിന്റെ ചോദനകൾക്കനുസരിച്ച് അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരമാക്കുന്നതിനുമുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ജനകീയ പങ്കാളിത്തത്തോടെ ഭൗതിക സാഹചര്യങ്ങളിൽ മാറ്റങ്ങൾ വരുത്തി മുഴുവൻ കുട്ടികളെയും മാതൃകാ വിദ്യാലയത്തിൽ എത്തിക്കുക.
* അക്കാദമിക അനക്കാദമിക പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.
* LSS മത്സര പരീക്ഷകൾക്ക് വേണ്ട പരിശീലനം ഉറപ്പാക്കുക.
* ഭിന്ന നിലവാരക്കാരായ വിദ്യാർത്ഥികളെ മുഖ്യധാരയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം : നേട്ടങ്ങൾ

* വാഹന സൗകര്യം
* ആവശ്യത്തിനുള്ള ജലലഭ്യത
* നവീകരിച്ച പ്രീപ്രൈമറി ക്ലാസുകൾ [Tile പതിച്ചത്]
* ഇരുനില കെട്ടിടങ്ങളിലായി ലോവർ പ്രൈമറി ക്ലാസുകൾ [Tile പതിച്ചത്]
* ആവശ്യത്തിനനുസരിച്ച് കമ്പ്യൂട്ടർ ഉപകരണങ്ങൾ
* പുതുതായി പണിത മൂത്രപ്പുര.
* മെച്ചപ്പെട്ട ലൈബ്രറി പ്രവർത്തനം
* പച്ചത്തോട്ട നിർമ്മാണം
* കുട്ടികൾക്ക് പാർക്ക്
* ഹരിത വിദ്യാലയം.

### പരിമിതികൾ

* കഞ്ഞിപ്പുരയും സ്റ്റോറും രണ്ടിടത്തായി നടത്തുന്നതിന്റെ ബുദ്ധിമുട്ട്

## കാഴ്ചപ്പാട്:

* 'വിദ്യാധനം സർവ്വധനാൽ പ്രധാനം', 'കൊണ്ടുപോകില്ല ചോരൻമാരാരിക്കലും' എന്നീ ചൊല്ലുകൾ അന്വർത്ഥമാകുന്ന വിധത്തിൽ വിദ്യാലയത്തെ നവീകരിക്കുക.

* പഠന- പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

* ശുചിത്വം, അച്ചടക്കം, ബഹുമാനം, വിനയം, സ്നേഹം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

* പിന്നോക്കക്കാരെ പ്രത്യേകം പരിഗണിച്ചുകൊണ്ടുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ:

* SRG യോഗത്തിൽ സമഗ്രവികസന രൂപരേഖയുടെ ചർച്ച.

* വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയാറാക്കൽ.

* കരടുരൂപരേഖ, SRG, PTA എന്നിവയിൽ അവതരിപ്പിക്കൽ.

* പുതിയ നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് പദ്ധതിരേഖ തയാറാക്കൽ.

## അക്കാദമികം: നേട്ടങ്ങൾ:

* 1 മുതൽ 4 വരെ English Medium ക്ലാസ്സുകൾ.
* മികച്ച LKG, UKG ക്ലാസ്സുകൾ.
* ക്ലബ്ബുകളുടെ മികച്ച പ്രവർത്തനങ്ങൾ.
* കൃത്യതയുള്ള SRG Meeting, ചർച്ചകൾ.
* മെച്ചപ്പെട്ട LSS പരിശീലനം.
* മാസം തോറുമുള്ള CPTA.
* പിന്നോക്കക്കാർക്കുള്ള പ്രത്യേക ക്ലാസ്സുകൾ.
* സമർപ്പണ മനോഭാവമുള്ള അധ്യാപകർ.
* മിശ്രപഠന രീതിയിലുള്ള ക്ലാസ്സുകൾ.

## പരിമിതികൾ:

* കായിക പരിശീലനത്തിന് ആവശ്യമായ പരിശീലകന്റെ അഭാവം.
* സമയക്കുറവ് കാരണം ശേഷികൾക്കാവശ്യമായ പഠനപ്രവർത്തനങ്ങൾ കൂടുതൽ നൽകാൻ കഴിയാത്ത അവസ്ഥ.
* ക്ലാസ് തലത്തിൽ പഠനപ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കാനുള്ള ബുദ്ധിമുട്ട്.

# സമഗ്ര ഗുണമേന്മാ പദ്ധതി

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ നിലവാരത്തിൽ വരുത്തിയ മാറ്റങ്ങൾ വളരെ മികച്ചതായി കാണാം. അവയിൽ കിഫ്ബി ഏറ്റെടുത്ത അടിസ്ഥാന സൗകര്യ പദ്ധതികൾ, കൈറ്റ് നടപ്പിലാക്കിയ ഡിജിറ്റലൈസേഷൻ സംരംഭങ്ങൾ, സ്മാർട്ട് ക്ലാസ് മുറികൾ തുടങ്ങിയവ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്താനായി ആരംഭിച്ച "സമഗ്ര ഗുണമേന്മാ പദ്ധതി" ഒരു പുതിയ വെളിച്ചം തന്നെയാണ് നൽകിയത്.

ഈ പദ്ധതിയുടെ ഭാഗമായി നടന്ന അധ്യാപക പരിശീലന കോഴ്സുകൾ. ഈ അധ്യയന വർഷത്തിലെ അക്കാദമിക് പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ സാധിക്കുന്നുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. കൂടാതെ ഗുണമേന്മാ വിദ്യാഭ്യാസത്തെ കുറിച്ച് ജനങ്ങളെ അറിയിച്ച് അവരുടെ സഹകരണം ഉറപ്പാക്കിയതും മെച്ചപ്പെട്ട രീതിയിലുള്ള അക്കാദമിക് പ്രവർത്തനങ്ങൾ നടത്താൻ വിദ്യാലയങ്ങൾക്ക് സാധിക്കുന്നുണ്ട്. അതുപോലെ ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് സമൂഹത്തിലെ മറ്റു സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ

മുതലായവ അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണ-
മേന്മ മെച്ചപ്പെടുത്തുന്ന തരത്തിലുള്ള സഹകരണമാണ്
കാഴ്ച വെക്കുന്നത്. കൂടാതെ സാങ്കേതിക വിദ്യയുടെ
കാര്യക്ഷമമായ ഉപയോഗം ക്ലാസ് റൂം പ്രവർത്തന-
ങ്ങൾ സൗന്ദര്യപരമാക്കാനും മികച്ച ഉപോല്പന്ന-
ങ്ങൾ നിർമ്മിച്ചെടുക്കാനും സാധിക്കുന്നുണ്ട്.

## സ്കൂൾ ചരിത്രം : AMLPS ഇട്ടിലാക്കൽ:

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിന്ന കേരളത്തിന്റെ പരിച്ഛേദമായിരുന്ന മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ പെട്ട പൊൻമുണ്ടം പഞ്ചായത്തിലെ ഇട്ടിലാക്കൽ പ്രദേശവും നാവിൻതുമ്പത്ത് അറിവിന്റെ അക്ഷരമധുരം വിളമ്പുന്ന കുലപതി എഴുത്തച്ഛന്റെ ആസ്ഥാനം ഒരു വിളിപ്പാടകലെയായിരുന്നിട്ടും അന്നത്തെ ദരിദ്രസമൂഹത്തിലെ ഭൂരിപക്ഷം അംഗങ്ങളും നിരക്ഷരരായിരുന്നു. എഴുത്തും വായനയും അറിയാവുന്നവർ വിരലെണ്ണാവുന്നവരേ ഉണ്ടായിരുന്നുള്ളൂ. ഈ സാമൂഹിക പശ്ചാത്തലത്തിലായിരുന്നു താനാളൂർ സ്വദേശി പെരിഞ്ചേരി നന്നാട്ട് പരേതനായ കുഞ്ഞാലൻകുട്ടി മകൻ കോയക്കുട്ടി മുസലിയാർ ഇട്ടിലാക്കൽ പ്രദേശത്ത് ഓത്തുപള്ളിക്കൂടം ആരംഭിക്കുന്നതും പിന്നീട് അത് തലമുറകളെ അറിവിന്റെ അക്ഷയനിധികൾ നേടുവാൻ വഴി കാണിച്ചു കൊടുത്ത എ.എം.എൽ.പി. സ്കൂൾ എന്ന വിദ്യാലയം രൂപപ്പെടുന്നതും.

1925-ൽ രൂപീകൃതമായ ഈ വിദ്യാലയം ഇന്ന് പ്ലാറ്റിനം കഴിഞ്ഞ് 100-ൽ എത്തിയിരിക്കുന്നു. സൂപ്രണ്ട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന അന്നത്തെ വിദ്യാഭ്യാസ ഇൻസ്പെക്ടർ കബീർ സാഹിബ് ഒരു സാമൂഹ്യ പരിഷ്കർത്താവ് കൂടിയായിരുന്നു. ഇന്നത്തെ വിദ്യാലയ രൂപീകരണത്തിൽ അദ്ദേഹം വഹിച്ച പങ്ക് സ്തുത്യർഹമാണ്. ആദ്യകാലങ്ങളിൽ കുട്ടികൾ മണലിലായിരുന്നു അക്ഷരവിദ്യ അഭ്യസിച്ചിരുന്നത്. സ്ലേറ്റോ പുസ്തകമോ ഇല്ലാതിരുന്ന കാലഘട്ടങ്ങളിൽ ചൂണ്ടുവിരലുപയോഗിച്ചിട്ടുള്ള മണലിലെഴുത്ത് ഏറെ രസകരമായ സംഭവമായിരുന്നു. വിദ്യാഭ്യാസത്തോട് പുറം തിരിഞ്ഞിരുന്നതിനാലും അന്നത്തെ ക്ലാസ്സും വിദ്യാഭ്യാസം അന്തരീക്ഷം ശോചനീയമായിരുന്നു. ചേർക്കാൻ കുട്ടികളെ ലഭിക്കാതിരിക്കുകയും ചേർന്നവർ തന്നെ കൊഴിഞ്ഞു പോകുന്നതും നിത്യസംഭവമായിരുന്നു. ഇന്നത്തെ പോലെ വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ അധ്യാപകരോ ശാസ്ത്ര പഠനത്തിനാവശ്യമായ ലബോറട്ടറികളോ അധികവായനയ്ക്കുള്ള ലൈബ്രറി പുസ്തകങ്ങളോ അന്ന് ലഭ്യമായിരുന്നില്ല. 1944 നു ശേഷമാണ് കുട്ടികൾ മണലെഴുത്തിൽ നിന്ന് സ്ലേറ്റിലേക്ക് മാറിയത്.

എ.എം.എൽ.പി. സ്കൂൾ തുടങ്ങിയ ആദ്യത്തെ രണ്ടു വർഷത്തോളം താനാളൂർ സ്വദേശി കോയക്കുട്ടി മുസലിയാരും പിന്നീട് പരേതനായ കണ്ണാഞ്ചേരി അഹമ്മദ് മുസലിയാരും ആയിരുന്നു മാനേജർ പദവി അലങ്കരിച്ചിരുന്നത്. ഇക്കാലങ്ങളിൽ ശമ്പളമില്ലാതെയായിരുന്നു അധ്യാപകർ ജോലി ചെയ്തിരുന്നത്. മാനേജർക്ക് കിട്ടിയിരുന്ന ഗ്രാന്റിൽ നിന്നും തുച്ഛമായൊരു സംഖ്യ അധ്യാപകർക്ക് കിട്ടുമായിരുന്നു. ഒരു രൂപ പതിമൂന്ന് കാൽ അണകൾ എന്നിങ്ങനെയുള്ള സംഖ്യയായിരുന്നു അന്നവർക്ക് ലഭിച്ചിരുന്നത്. ശമ്പളം നാമമാത്രമായിരുന്നെങ്കിലും അധ്യാപനം ആത്മസമർപ്പണവും ഗുരുശിഷ്യബന്ധം തിളക്കമുറ്റതുമായിരുന്നു. അഹമ്മദ് മുസലിയാരുടെ മരണശേഷം അകന്ന ബന്ധുവും ജാമാതാവുമായിരുന്ന കോയക്കുട്ടി മാസ്റ്ററായിരുന്നു ഏറെക്കാലം ഹെഡ്മാസ്റ്ററും മാനേജരുമായി പ്രവർത്തിച്ചുവന്നത്. അദ്ദേഹത്തിന്റെ മരണാനന്തരം ഭാര്യ ആയിശുമ്മ, മകൻ അബ്ദുൾ ഹമീദ് എന്നിവർ മാനേജർ സ്ഥാനം തലക്കടത്തൂർ സ്വദേശി കുറുക്കോളിൽ കുഞ്ഞാൻകുട്ടിക്ക് കൈമാറി. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ന് നിലവിലുള്ള കെട്ടിടം പ്രവർത്തിച്ചുവരുന്നു.

സർവശ്രീ കരുണാകരമേനോൻ, പി. ഗോപാലകൃഷ്ണൻ, കെ. കോയക്കുട്ടി മാസ്റ്റർ, കെ.സി. മുഹമ്മദ് കുട്ടി, കെ. ഗോപാലകൃഷ്ണപിള്ള, വി. മുഹമ്മദ്, കെ.കെ. ജാനകി, കെ.കെ. ശാന്തകുമാരി, സുകുമാരൻ മാസ്റ്റർ തുടങ്ങിയവർ വിവിധ സമയങ്ങളിൽ ഈ വിദ്യാലയത്തിൽ പ്രധാന അധ്യാപകരായി സേവനമനുഷ്ഠിച്ചു. 01.05.2024 മുതൽ ഈ വിദ്യാലയത്തിന്റെ പ്രധാന അധ്യാപകനായി ശ്രീ. അജിത് കുമാർ ഹെഡ്മാസ്റ്റർ ആയി പ്രവർത്തിച്ചുവരുന്നു.

പുതിയ വിദ്യാഭ്യാസ കാഴ്ചപ്പാടിനനുസരിച്ചുള്ള ഒരു അധ്യാപക കൂട്ടായ്മയാണ് ഇന്ന് നിലവിലുള്ളത്. സമൂഹ ചോദനത്തിനാവശ്യമായ ആത്മസമർപ്പണത്തോടെ അവർ പ്രവർത്തിച്ചുവരുന്നു. 2500 ഓളം പുസ്തകങ്ങളുള്ള ലൈബ്രറി കുട്ടികളുടെ അധികവായനയെ പരിപോഷിപ്പിക്കുന്നു. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കി കുട്ടികളുടെ പഠനമികവിലേക്ക് ലൈബ്രറിയുടെ പ്രവർത്തനം ഉയർത്തുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഇതിനായി അമ്മ വായനയും, ക്ലാസ്സ് ലൈബ്രറിയും

കൃത്യമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. വ്യത്യസ്ത മത്സര പരീക്ഷകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും മേളകളും മറ്റും നടക്കുമ്പോൾ വിദ്യാലയത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. പല തവണ LSS പരീക്ഷയിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള ഈ വിദ്യാലയത്തിൽ 1ാം ക്ലാസ്സ് മുതൽ 4ാം ക്ലാസ്സ് വരെ ഇംഗ്ലീഷ് ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു.

പുതിയ പദ്ധതിയുടെ ഭാഗമായ 'ഹലോ ഇംഗ്ലീഷ്', 'മലയാളത്തിളക്കം', 'വായനാചങ്ങാത്തം', 'ഉല്ലാസഗണിതം' എന്നിവയും മറ്റു പാഠ്യേതര പ്രവർത്തനങ്ങളും വളരെ മികവാർന്ന രീതിയിലാണ് നടന്നുവരുന്നത്. 100 വർഷം പിന്നിട്ട ഈ സ്ഥാപനത്തിലൂടെ അക്ഷരജ്ഞാനം അറിഞ്ഞ് ജീവിത വിജയം നേടിയവർ നിരവധിയാണ്. വരും തലമുറകളിൽ അങ്ങനെയുള്ളവരെ വാർത്തെടുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിനായി എല്ലാവരും ഒന്നൊരുമിച്ച് പ്രവർത്തിക്കുന്നു.

## വിദ്യാലയ മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ:

### അക്കാദമികം:

* ഭാഷാശേഷി വികസനം.
* ഗണിതശേഷി വികസനം
* ഇംഗ്ലീഷ് പഠനപരിപോഷണം.
* ശാസ്ത്രപോഷണ പരിപാടി.
* വായനാ പരിപോഷണം.
* ലൈബ്രറി ശാക്തീകരണം
* പ്രതിഭാ പോഷണ പരിപാടി.
* ജൈവ വൈവിധ്യ പാർക്ക്
* സാഹിത്യപോഷണ പരിപാടികൾ
* പഠനയാത്രകൾ
* കലാ- കായികമേള
* ഐടി. പരിശീലനം.
* അധ്യാപക ശാക്തീകരണ പരിപാടികൾ.
* ക്ലാസ് PTA സജീവമാക്കൽ.
* സ്കൂൾ പത്രം / മാസിക.
* പ്രവൃത്തി പരിചയ പഠനം
* ഒന്നാം ക്ലാസ് ഒന്നാം തരം.
* SRG ശാക്തീകരണം
* ശാസ്ത്രാഭിരുചി വളർത്തൽ.
* പച്ചക്കറിത്തോട്ടം
* രചനാശില്പശാല
* അഭിമുഖങ്ങൾ
* മെഡിക്കൽ ക്യാമ്പ്
* പോഷകാഹാര പരിപാടി
* ഒറിഗാമി ശില്പശാല
* ഗണിതാന്തരീക്ഷമൊരുക്കൽ
* ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ.
* ദിനാചരണം
* കായിക പഠനം.

## പദ്ധതി വിശദാംശങ്ങൾ

### അക്കാദമികം

പ്രവർത്തനം 1:
പേര് : വായന.
ഉപമേഖല : ഭാഷാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) കുട്ടികളെ വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക, വായന ഒരു ശീലവും ലഹരിയുമാക്കി മാറ്റുക.<br>(2) രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും മഹത്വവും ബോധ്യപ്പെടുത്തുക.<br>(3) വായനയിൽ മികവു പുലർത്തുന്നവരെ അംഗീകരിക്കുക. | (1) ക്ലാസ് റൂമിൽ വായനാമൂല ഒരുക്കൽ.<br>(2) പഠനസമയത്ത് പുറത്ത് വായനയ്ക്കായി പ്രത്യേക സമയം കണ്ടെത്തി വായനാപ്രവർത്തനങ്ങൾ നടപ്പാക്കൽ.<br>(3) വായനാ സാമഗ്രികൾ കണ്ടെത്തൽ.<br>(4) ഓരോ മാസവും നടക്കുന്ന CPTA യോഗങ്ങളിൽ വായനാ പ്രവർത്തനങ്ങൾ നടത്തുക.<br>(5) വായനയിൽ മികവു പുലർത്തുന്നവരെ കണ്ടെത്തി സമ്മാനം നൽകൽ. | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ, CPTA കൂടുമ്പോൾ [മാസത്തിലൊരിക്കൽ] | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം 2:
പേര് : ലൈബ്രറി വികസനവും ഉപയോഗവും.
ഉപമേഖല : ലൈബ്രറി ശാക്തീകരണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) അധിക വായനയ്ക്ക്, കൂടുതൽ അറിയാനും ചിന്തിക്കാനുമുള്ള കഴിവ് വളർത്തുന്നതിന്.<br>(2) പിന്നോക്കക്കാരായ കുട്ടികളെ പരിഗണിച്ചു കൊണ്ടുള്ള പഠനം.<br>(3) അമ്മ വായന.<br>(4) രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കുന്നതിന്.<br>(5) ലൈബ്രറി പ്രവർത്തനം മനസിലാക്കൽ, വായന താല്പര്യം. | (1) പുസ്തകശേഖരണം [വ്യക്തികൾ, സ്ഥാപനങ്ങൾ, പൂർവ്വ വിദ്യാർഥികൾ, രക്ഷിതാക്കൾ, ക്ലബ്ബുകൾ, അധ്യാപകർ, ...]<br>(2) നിലവിലുള്ളതും ശേഖരിച്ചതുമായ പുസ്തകങ്ങൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ക്ലാസ് അടിസ്ഥാനത്തിൽ തരം തിരിക്കൽ.<br>(3) ക്ലാസ്റൂം ലൈബ്രറി-സജ്ജീകരണം.<br>(4) കുട്ടിക്ക് ലഭിച്ച പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വായന മത്സരം, വായനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ.<br>(6) പത്രവായന – ക്ലാസ് തലത്തിലും അസംബ്ലിയിലും ക്വിസ് നടത്തൽ. | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം : 3. പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാൻ. [ നാടകരൂപത്തിലാക്കാവുന്ന പാഠഭാഗങ്ങൾ] | (1) പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം. | വർഷത്തിൽ ഒരു തവണ | SRG | Teachers. |

പ്രവർത്തനം : 4. പേര് : രചനാശില്പശാല.

ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കാൻ. (2) വായനസാമഗ്രികളുടെ നിർമ്മാണം. | (1) കഥയരങ്ങ്, കവിയരങ്ങ്, രചനശില്പശാല എന്നിവ സംഘടിപ്പിക്കാൻ, രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ, ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി മേൽപ്പറഞ്ഞ ഉല്പന്നങ്ങളെ ഉപയോഗിക്കാൻ. | രണ്ടു മാസത്തിൽ ഒരു തവണ | വിദ്യാരംഗം കലാസാഹിത്യവേദി | 2,000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 5 പേര് : സർഗസല്ലാപം.

ഉപമേഖല : ഭാഷാവികസനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക. | പ്രാദേശികമായി ലഭിക്കുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കാൻ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കാൻ. പ്രസിദ്ധീകരിക്കാൻ. | വർഷത്തിൽ 2 തവണ | HM & PTA | 2,000/- സ്പോൺസർഷിപ്പ്. |

പ്രവർത്തനം : 6. പേര് : ജന്മദിനത്തിനൊരു പുസ്തകം.

മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറിയുടെ നവീകരണം. | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യൽ. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാം. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ. | PTA |

പ്രവർത്തനം : 7 പേര് : ഗണിതലാബ് സജ്ജമാക്കൽ.

മേഖല / ഉപമേഖല : അക്കാദമികം, ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | (1) വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. (2) ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ. (3) ഉല്ലാസഗണിതം, ഗണിതവിജയം പ്രവർത്തനങ്ങൾ നടത്തൽ. | ആവശ്യാനുസരണം. | SRG, ഗണിത ക്ലബ്ബ് | PEC. |

പ്രവർത്തനം : 8. പേര് : ഗണിതകേളികൾ.

ഉപമേഖല : ഗണിതം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതം മധുരതരമാക്കൽ. | (1) ജ്യാമിതീയ രൂപങ്ങൾ, മെട്രിക് ഉപകരണങ്ങൾ, ഡൈസുകൾ, കളിപ്പാട്ടങ്ങൾ, ശേഖരണങ്ങൾ എന്നിവ സംഘടിപ്പിച്ച് രസകരമായ ഗണിതകേളികൾ (2) ക്ലബ്ബ് പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തൽ. | ആഴ്ചയിൽ ഒരു തവണ | ഗണിത ക്ലബ്ബ് | SSA, Teachers. |

പ്രവർത്തനം : 9 പേര് : മെട്രിക് മേള
ഉപമേഖല : ഗണിതശേഷി വികസനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രായോഗിക ജീവിതത്തിൽ ഗണിതാശയങ്ങൾ മനസിലാക്കൽ. [അളവുകൾ, തൂക്കങ്ങൾ etc] | അളവ്, തൂക്കം, നീളം എന്നിവയിൽ കുട്ടികൾക്ക് സ്വയം കണ്ടെത്താനും മനസിലാക്കാനും ഉതകും വിധം സാമഗ്രികൾ സംഘടിപ്പിച്ച് സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രദർശനമേളകൾ സംഘടിപ്പിക്കൽ. | സ്കൂൾതലം - വർഷത്തിൽ 2 തവണ. പഞ്ചായത്ത് തലം - വർഷത്തിൽ 1 തവണ | HM, SRG, ഗണിത ക്ലബ് | Teacher fund PEC. |

പ്രവർത്തനം : 10. പേര് : കേരളം, ഇന്ത്യ- അറിവ്.
മേഖല/ഉപമേഖല: അക്കാദമികം, സാമൂഹ്യശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളം, ഇന്ത്യ എന്നിവയെപ്പറ്റി കൂടുതൽ മനസിലാക്കൽ. | ഇന്ത്യ, കേരളം എന്നിവയുടെ വലിയ ചിത്രം ഭിത്തിയിൽ ഒട്ടിക്കുന്നു. ദിനപത്രങ്ങളിൽ ഓരോ സംസ്ഥാനം, ജില്ല എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന വാർത്തകൾ അതാതു സ്ഥലങ്ങളിൽ ഒട്ടിക്കൽ, മാസാവസാനം വാർത്തകൾ പൊളിച്ചു മാറ്റി വീണ്ടും പ്രവർത്തനം നടത്തൽ. | പ്രതിദിനം | SRG | PTA/PEC. |

പ്രവർത്തനം : 11 പേര് : ബുള്ളറ്റിൻ ബോർഡ്.
മേഖല/ഉപമേഖല : അക്കാദമികം, സാമൂഹ്യശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും വായിക്കാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുക. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | EVS Club | - |

പ്രവർത്തനം : 12

പേര് : സാമൂഹ്യശാസ്ത്രലാബ്

ഉപമേഖല : സാമൂഹ്യശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ 1 തവണ | EVS club | PTA. |

പ്രവർത്തനം : 13

പേര് : പഠനയാത്രകൾ.

മേഖല/ ഉപമേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 | HM, SRG | 20,000/- PTA. |

പ്രവർത്തനം : 14.

പേര് : കലാകായിക മേള

മേഖല/ ഉപമേഖല : അക്കാദമികം, മേളകൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) കലാകായികമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന്. (2) കായിക ഇനങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. | (1) വിവിധയിനം കലാമത്സരങ്ങളിലും, കായികമത്സരങ്ങളിലും അനുയോജ്യരായ കുട്ടികളെ അക്കാദമിക വർഷാരംഭത്തിൽ തന്നെ കണ്ടെത്തി പരിശീലനം കൊടുക്കുന്നു. (2) കായികയിനത്തിൽ മെച്ചപ്പെട്ട പരിശീലനം സ്കൂളിൽ വച്ച് നടത്തി കായികമേളയിൽ പങ്കെടുപ്പിച്ച് വിജയം കൈവരിക്കൽ. | വർഷത്തിൽ 1 തവണ | HM, SRG, PTA. | 1000/- Staff. |

പ്രവർത്തനം : 15. പേര് : മേളകൾ.
മേഖല/ ഉപമേഖല : അക്കാദമികം, ശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കുന്ന. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ 1 തവണ | SRG, EVS club. | 2000/- (Staff) |

പ്രവർത്തനം : 16. പേര് : മെഡിക്കൽ ക്യാമ്പ്.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ. | വർഷത്തിൽ 1 വീതം | HM, PTA | PTA |

പ്രവർത്തനം : 17. പേര് : പച്ചക്കറിത്തോട്ടം.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ 1 തവണ | SRG, SSG | കൃഷി വകുപ്പ്. |

പ്രവർത്തനം : 18. പേര് : ലഘുപരീക്ഷണങ്ങൾ/സാമഗ്രികൾ സജ്ജീകരണം.
ഉപമേഖല : ശാസ്ത്രപോഷിണി പരിപാടി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ<br>(2) ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>(3) ശാസ്ത്ര സത്യം കണ്ടെത്തി മനസ്സിലാക്കൽ.<br>(4) ശാസ്ത്രത്തോട് അഭിമുഖ്യവും മമതയും വളർത്തൽ. | (1) ലഘുപരീക്ഷണങ്ങളുടെ സാമഗ്രികൾ കണ്ടെത്തൽ.<br>(2) 1 മുതൽ 4 വരെ പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ കണ്ടെത്തി ക്രോഡീകരിക്കൽ.<br>(3) സമയബന്ധിതമായി ഉണ്ടാവുന്ന പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.<br>(4) പരീക്ഷണത്തിന്റെ ഫലമായി രൂപപ്പെടുത്തിയെടുക്കുന്ന നിഗമനങ്ങൾ രേഖപ്പെടുത്തൽ.<br>(5) പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | മാസത്തിൽ 2 തവണ | SRG, ക്ലാസ് ടീച്ചർ | 250/- Teaching fund. |

പ്രവർത്തനം : 19. പേര് : ശാസ്ത്രപഠനയാത്രകൾ [Field trips].
ഉപമേഖല : ശാസ്ത്രം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) ശാസ്ത്രപഠനം രസകരവും ആകർഷകവുമാക്കൽ.<br>(2) ശാസ്ത്രപഠനം നിരീക്ഷണത്തിലൂടെയും താരതമ്യം ചെയ്തും പഠിക്കുന്നതിന്. | (1) വാനനിരീക്ഷണം നടത്തൽ, പ്ലാനിറ്റോറിയം, ഫാക്ടറികൾ എന്നിവിടങ്ങളിൽ സന്ദർശനം.<br>(2) മൃഗശാലകൾ, അക്വേറിയം, വനപ്രദേശങ്ങൾ, വയലുകൾ, പരിസര സന്ദർശനം, local field trip. | മാസത്തിൽ ഒരിക്കൽ [Based on the distance]. | SRG | PTA |

പ്രവർത്തനം : 20. പേര് : ഇംഗ്ലീഷ് അസംബ്ലി.
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ. ഇംഗ്ലീഷ് പ്രതിജ്ഞ, പ്രാർത്ഥന, പത്രവായന, Exercise എന്നിവ കൂടാതെ മഹാന്മാരുടെ ഉദ്ധരണികൾ - എന്നിവ അസംബ്ലിയിൽ ഏർപ്പെടുത്തൽ. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം : 21. പേര് : ഇംഗ്ലീഷ് ഡയറി.
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ. | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുക. തെറ്റുകൾ തിരുത്തി കൂടുതൽ മെച്ചപ്പെടുത്തി എഴുതൽ. | എല്ലാ ദിവസവും | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം : 22. പേര് : പദപ്രശ്ന നിർമ്മാണം.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം. | (1) ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കൽ (2) കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകൽ. (3) വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കൽ. | പ്രതിമാസ പരിപാടി. | English club | - |

പ്രവർത്തനം : 23. പേര് : ഇംഗ്ലീഷ് കോർണർ.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ. | (1) ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. (2) കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | - |

പ്രവർത്തനം : 24. പേര് : ഇംഗ്ലീഷ് തിയേറ്റർ.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ (2) ഇംഗ്ലീഷ് ഭാഷയിൽ ചാതുര്യങ്ങളാടെ സമ്പാദിക്കൽ. | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. Eg: Skit, conversation, drama etc. | മാസത്തിലൊരിക്കൽ | HM, Class Tr, Eng. club Co-ordinator. | 2000/- (PTA) |

പ്രവർത്തനം : 25. പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ.
ഉപമേഖല : ഇംഗ്ലീഷ് സർഗാത്മക രചന.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ [ദിനാചരണങ്ങൾ, പ്രത്യേക വിഷയങ്ങൾ]<br>Eg : June : പ്രവേശനോത്സവം.<br>July : ബഷീർ ദിനം. Lunar day.<br>August : Independence day<br>Sept : Onam<br>etc. | ഓരോ മാസത്തിലും | Eng club Co-ordinator | - |

പ്രവർത്തനം : 26. പേര് : ഇംഗ്ലീഷ് ഫെസ്റ്റ്.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ.<br>(2) ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വർധിപ്പിക്കുക. | കുട്ടികളെ പരിശീലിപ്പിച്ച് English fest നടത്തൽ. എല്ലാ പ്രവർത്തനങ്ങളും English-ൽ തന്നെ ചെയ്യൽ.<br>Eg: Anchoring, Program co-ordination, Activities etc. | 2 മാസത്തെ പരിശീലനത്തിന് ശേഷം നടത്തൽ<br>വർഷത്തിൽ 1 തവണ | PTA President, HM, teachers. | - |

പ്രവർത്തനം : 27. പേര് : മാജിക് ഇംഗ്ലീഷ്.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) 1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താല്പര്യം ജനിപ്പിക്കുക.<br>(2) പ്രീപ്രൈമറിയിൽ English കഥ, പാട്ട്, കളി- അവസരങ്ങൾ.<br>(3) ഒന്നാം ക്ലാസിൽ കഥ, പാട്ട്, വാക്യം ചെറിയ കാര്യങ്ങൾ സംസാരിക്കൽ.<br>(4) കവിത - വരി കൂട്ടിച്ചേർക്കൽ, ലേഖനം, കഥയിലെ കഥാപാത്രങ്ങൾക്ക് ജീവൻ നൽകൽ.<br>(5) 3ാം തരത്തിൽ skit, പ്രഭാഷണം, ലേഖനം (sentences).<br>(6) 4ാം തരത്തിൽ പ്രഭാഷണം എഴുതൽ, ലഘുനാടകങ്ങൾ അവതരണം etc. | (1) പഠനതന്ത്രമെന്ന നിലയിൽ കുട്ടികൾക്ക് ഇംഗ്ലീഷിലുള്ള വീഡിയോ, ഓഡിയോ ക്ലിപ്പുകൾ കാണുന്നതിനുള്ള അവസരം ഒരുക്കൽ.<br>(2) ഓരോ ക്ലാസിലും ഇംഗ്ലീഷ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വായനാ മെറ്റീരിയൽ തയ്യാറാക്കൽ.<br>(3) കഥാപുസ്തകങ്ങൾ, കവിതാപുസ്തകങ്ങൾ എന്നിവ ക്ലാസുകളിൽ സജ്ജീകരിക്കൽ.<br>(4) പിന്നോക്കക്കാരായ കുട്ടികളെ സഹായിക്കുന്നതിന് രക്ഷിതാക്കളുടെ സഹായം.<br>(5) English Posters തയ്യാറാക്കൽ.<br>(6) English പത്രവായന.<br>(7) English അസംബ്ലി സംഘടിപ്പിക്കൽ.<br>(8) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ബുള്ളറ്റിൻ ബോർഡ്.<br>(9) English quiz, അവധിക്കാലപ്രവർത്തനങ്ങൾ.<br>(10) English Reading corner.<br>(11) English ബാലസഭ.<br>(12) ദിനാചരണങ്ങളെ പരിഗണിച്ച് Worksheet. | പാഠഭാഗവുമായി ബന്ധപ്പെട്ട് അവസരങ്ങളിലും ഒഴിവുസമയങ്ങളിലും സർഗവേദി പരിപാടികളിലും | HM, Class Teachers | Teachers, PTA |

പ്രവർത്തനം : 28. പേര് : Spoken English.
ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ്‌റൂമിലും പുറത്തും English സംസാരിക്കാൻ ഉള്ള സാധ്യതകൾ പ്രയോജനപ്പെടുത്തൽ. | (1) ക്ലാസ് റൂമുകളിൽ teacher, English class-ൽ English ഭാഷ മാത്രം ഉപയോഗിക്കൽ.<br>(2) Spoken English class സംഘടിപ്പിക്കൽ. | എല്ലാ English Periods, അവധിദിവസങ്ങളിൽ. | Class teachers, HM, PTA | 2,000 - PTA. |

പ്രവർത്തനം : 29. പേര് : ദിനാചരണങ്ങൾ.
ഉപമേഖല : സമഗ്രവികസനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | (1) ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തൽ.<br>(2) നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം. | SRG | - |

പ്രവർത്തനം : 30. പേര് : ഒറിഗാമി ശില്പശാല.
ഉപമേഖല : ഗണിതശേഷികൾ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും, കരചലനശേഷികളുടെ വികാസവും. | (1) ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.<br>(2) വിവിധ രൂപങ്ങളുടെ നിർമാണം.<br>(3) അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ.<br>(4) പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ 1 തവണ | SRG, OSA | 1000/- OSA. |

പ്രവർത്തനം : 31. പേര് : ക്ലാസ് PTA സജീവമാക്കൽ.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്താൻ. (2) രക്ഷിതാക്കളെ സ്കൂളുമായി കൂടുതൽ അടുപ്പിക്കാൻ. | (1) ക്ലാസ് PTA കൃത്യമായ ഇടങ്ങളിൽ വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച. (2) ക്ലാസ് തല വാട്സ് ആപ് ഗ്രൂപ്പുകളിലൂടെ മിത്രപഠനരീതി നടപ്പാക്കൽ. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | – |

പ്രവർത്തനം : 32. പേര് : പോഷകാഹാര പരിപാടി.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ആരോഗ്യമുള്ളവരായി മാറ്റുക. | (1) ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. (2) ജൈവ പച്ചക്കറികൾ ഉൾപ്പെടുത്തി ഉച്ചഭക്ഷണത്തെ കൂടുതൽ പോഷക സമൃദ്ധമാക്കൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | N/T teacher, HM, PTA | Govt & PTA |

പ്രവർത്തനം : 33. പേര് : മികവു പുലർത്തുന്നവരെ കണ്ടെത്തൽ, പരിശീലനം.
ഉപമേഖല : പ്രതിഭാ പരിശീലനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) വിവിധ മത്സരങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കൽ. (2) വർഷാവസാനത്തിൽ നടക്കുന്ന LSS പരീക്ഷയിൽ കുട്ടികളെ പരിശീലിപ്പിച്ച് പ്രാപ്തരാക്കൽ. | (1) 1ാം ക്ലാസുമുതൽ മികച്ചു നിൽക്കുന്ന കുട്ടികളെ കണ്ടെത്തി വിവിധ മത്സരങ്ങളിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകുകയും അവരെ പങ്കെടുപ്പിക്കുകയും ചെയ്യൽ. (2) തുടർന്ന് 4ാം ക്ലാസിൽ LSS പോലുള്ള പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കൽ. | എല്ലാ ദിവസങ്ങളിലും അധിക സമയം കണ്ടെത്തി. | HM, class teacher | – |

പ്രവർത്തനം : 34 പേര് : ജൈവവൈവിധ്യപാർക്ക്.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. (2) പ്രകൃതിയെ സംരക്ഷിക്കുക എന്ന മനോഭാവം വളർത്തിയെടുക്കുക. | (1) സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമിക്കൽ. (2) ജൈവവൈവിധ്യപാർക്ക് നിർമ്മാണവും പരിപാലനവും കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി നിർവഹിക്കൽ. | ഒരു മാസം | Club, SRG | 2,000/- Club, SRG. |

പ്രവർത്തനം : 35. പേര് : കായികപരിശീലനം.
ഉപമേഖല : കായിക വിദ്യാഭ്യാസം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ. | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകൽ. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | – |

പ്രവർത്തനം : 36. പേര് : കായികതാരങ്ങൾക്ക് അവാർഡ്, സമ്മാനങ്ങൾ.
ഉപമേഖല : കായിക വിദ്യാഭ്യാസം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) അവാർഡ് / സമ്മാനം നൽകി ആദരിക്കൽ, (2) പ്രോത്സാഹനം. | (1) സ്കൂൾതലം, പഞ്ചായത്ത് തലം, ഉപജില്ലാതലം വിജയികൾക്ക് memento, trophy, Certificate നൽകൽ. (2) കുട്ടികളെ പ്രോത്സാഹിപ്പിക്കൽ. | ഓരോ തലത്തിലേയും മത്സര ശേഷം | HM, teachers | 1000/- Sponsorship. |

പ്രവർത്തനം : 31. പേര് : കലാപരിശീലനം.

ഉപമേഖല : കലാപഠനം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) കുട്ടികളിൽ കലയെ കുറിച്ച് അവബോധമുണ്ടാക്കൽ.<br>(2) ദിനാചരണങ്ങൾ കലാരചനയുടെ ഭാഗമാക്കൽ.<br>(3) മാസികാനിർമാണത്തിലൂടെ കലാരചനകൾക്ക് സാധ്യത കണ്ടെത്തൽ.<br>(4) ത്രിമാന രൂപങ്ങൾ, ഒറിഗാമി എന്നിവയിൽ ധാരണ.<br>(5) വിവരസാങ്കേതിക വിദ്യയിലൂടെ കലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തൽ.<br>(6) ഭിന്നശേഷിക്കാരുടെ രചനാപരമായ കഴിവുകൾ കണ്ടെത്തുക.<br>(7) ആർട്ട് കോർണർ. | (1) ചിത്രകലയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, ചിത്രപ്രദർശനം.<br>(2) ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചിത്രീകരണം, പോസ്റ്റർ നിർമാണം.<br>(3) ക്ലാസ് തല കയ്യെഴുത്തുമാസിക, വിശേഷാവസരങ്ങൾ, പാഠഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കൽ.<br>(4) തെർമോകോൾ, കളിമണ്ണ്, കാർഡ് ബോർഡ്, കുപ്പിഗ്ലാസ് തുടങ്ങിയവ കൊണ്ടുള്ള രൂപനിർമിതി.<br>(5) LCD പ്രദർശനത്തിലൂടെ ചിത്രകാരൻമാർ, രചനകൾ, രീതികൾ തുടങ്ങിയവ പരിചയപ്പെടുത്തൽ.<br>(6) ക്ലാസ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിക്കാരെ തിരിച്ചറിഞ്ഞ് അവർക്കുവേണ്ട പരിശീലനം കൊടുത്ത് വരപ്പിക്കുന്നു.<br>(7) കുട്ടികളുടെ സ്വതന്ത്രരചനകൾ പൊതുവായി സ്ഥാപിച്ച ബോർഡിൽ പതിക്കൽ. | Drawing Periods, ഒഴിവു സമയങ്ങളിൽ | HM, ക്ലാസ് ടീച്ചർ, SRG. | - |

പ്രവർത്തനം : 41. പേര് : പ്രവൃത്തിപരിചയപഠനം.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ തൊഴിൽ നൈപുണ്യം, ഏകാഗ്രത, Creativity എന്നിവ വളർത്തൽ. | ആഴ്ചയിലൊരിക്കൽ Work Experience club ന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവൃത്തി പരിചയ ക്ലാസുകൾ സംഘടിപ്പിക്കൽ. [ഉദാ: ചൂൽനിർമാണം, സോപ്പ് നിർമാണം, ഉപയോഗശൂന്യമായ വസ്തുക്കൾ കൊണ്ടുള്ള വിവിധ നിർമാണ പ്രവർത്തനങ്ങൾ etc ] | ആഴ്ചയിലൊരിക്കൽ | SRG, W.E club. | Staff, PTA. |

പ്രവർത്തനം : 42. പേര് : ഒന്നാം ക്ലാസ് ഒന്നാന്തരം.
മേഖല : അക്കാദമികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) ഒന്നാം ക്ലാസ് മികവുറ്റതാക്കുന്നതിന്. [1ാം ക്ലാസ് ഒന്നാന്തരം എന്ന പദ്ധതിയുടെ നടത്തിപ്പ്. ]<br>(2) ഒന്നാം ക്ലാസിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിന്. | (1) കളിരീതിയിലൂടെയുള്ള പഠനം,<br>(2) ICT സാധ്യത ഉപയോഗപ്പെടുത്തൽ.<br>(3) കഥകൾ, പാട്ടുകൾ, അഭിനയം എന്നിവയിലൂടെയുള്ള ക്ലാസ്റൂം പ്രവർത്തനങ്ങൾ.<br>(4) സർഗശേഷി ഉയർത്തുന്നതിന് ആവശ്യമായ ആകർഷകമായ പ്രവർത്തനങ്ങൾ. | ആഴ്ചയിൽ 5 ദിവസം | SRG, ക്ലാസ് ടീച്ചർ | Teacher grant. |

# അറബിക്:

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിയിൽ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ഉള്ള ശേഷി | (1) പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. (2) അക്ഷരങ്ങൾ ഉറപ്പിക്കുന്നു. (3) ചെറുവാചകങ്ങൾ എഴുതുന്നു. | 2 മാസം | വർക്ക്ഷീറ്റുകൾ, ചിത്രങ്ങൾ, അക്ഷര കാർഡുകൾ. | SRG, Parents, Arabic teacher. |
| നല്ല വായന<br>മുഴുവൻ കുട്ടികൾക്കും ലഘു വാക്യങ്ങൾ വായിക്കാനുള്ള ശേഷി. | (1) എല്ലാ അറബിക് പിരിയഡിലും ആദ്യത്തെ 5 മിനിട്ട് 2 കുട്ടികൾ വായിക്കുന്നു. (2) വായന കാർഡുകൾ. (3) പാഠഭാഗങ്ങൾ (4) അറബി കഥാബുക്കുകൾ. | 6 മാസം | പാഠഭാഗങ്ങൾ, വായന കാർഡുകൾ, ലൈബ്രറി പുസ്തകങ്ങൾ, മാഗസിനുകൾ, അറബിയിൻ ബുക്കുകൾ. | SRG, Arabic teacher, HM, BRC, DIET. |
| നല്ല എഴുത്ത്<br>ക്ലാസ് മാഗസിൻ നിർമ്മാണം, ചുമർ പത്രിക നിർമ്മാണം വായനകാർഡ് നിർമ്മാണം. | മോഡൽ നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി A4-ൽ വൃത്തിയായി എഴുതി, ചിത്രം കളർ നൽകി, ലാമിനേറ്റ് ചെയ്ത് വായനകാർഡ് നിർമ്മിക്കുക. | 10 മാസം | ചാർട്ടുകൾ, കളറുകൾ, A 4 Sheets. | SRG, HM, Arabic teacher, Parents. |
| അറബി കമ്പ്യൂട്ടിംഗ് | അറബി ചാനലുകൾ, ചിത്രീകരണങ്ങൾ, സിനിമ, അനിമേഷൻസ് എന്നിവ കാണിക്കുന്നു. | 10 മാസം | ICT, CD, Internet. | SRG, PTA, Arabic teacher. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- |
| <u>നല്ല മനസ്സുകൾ</u><br>എല്ലാവരും വിജയിക്കുന്നതിലേക്ക് സ്കൂളിൽ വ്യത്യസ്ത മേഖലകളിൽ മത്സരം നടത്തുക. | ക്വിസ്, പദനിർമ്മാണം, ഉദ്ധരണം, കളറിംഗ്, മെമ്മറി ടെസ്റ്റ്, അറബി പാട്ട്, കഥ പറയൽ, ഖുർആൻ പാരായണം. | വർഷത്തിൽ 1 തവണ | CD, കളറുകൾ, കഥ, പാട്ട്, ചാർട്ടുകൾ. | SRG, PTA. |
| <u>നല്ല ദിനങ്ങൾ</u><br>ദിനാചരണങ്ങൾ. | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം. | എല്ലാ ദിനാചരണങ്ങളിലും. | ചാർട്ടുകൾ, മാർക്കർ, ചിത്രങ്ങൾ, കളർ. | SRG, Arabic teacher, Parents. |
| നല്ല അറബി <u>അസംബ്ലി.</u> | മാസത്തിൽ ഒരു അറബിക് അസംബ്ലി | മാസത്തിൽ 1 | - | SRG, Arabic teacher, PTA. |

# ഭൗതികം :

* ജൈവ വൈവിധ്യ ഉദ്യാനം.
* പച്ചക്കറിത്തോട്ടം
* കളിയുപകരണങ്ങളുടെ ലഭ്യത.
* ഡൈനിംഗ് ഹാൾ
* പ്രീപ്രൈമറി & ലാബ് വിപുലീകരണം.
* മാലിന്യ സംസ്കരണം.
* ഓഫീസ് ഡിജിറ്റലൈസേഷൻ.

പേര് : ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ടം, കളി ഉപകരണങ്ങളുടെ ലഭ്യത.

മേഖല : ഭൗതികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| (1) പ്രകൃതി സംരക്ഷണ ബോധം വളർത്തൽ. | സ്കൂൾ പരിസരത്ത് ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ. | 1 വർഷം | മാനേജർ HM. | 25,000. |
| (2) വിഷമയമല്ലാത്ത പച്ചക്കറികളുടെ ലഭ്യത ഉറപ്പാക്കൽ. | സ്കൂൾ പരിസരത്ത് സാധ്യമായ പച്ചക്കറി തോട്ടം ഒരുക്കൽ. | 6 മാസം | HM, Teachers | 20,000. |
| (3) കുട്ടികളുടെ കായികവും, മാനസികവുമായ വികാസം പരിപോഷിപ്പിക്കുക. | കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള കളിയുപകരണങ്ങൾ ലഭ്യമാക്കൽ. | 1 വർഷം | പഞ്ചായത്ത് മനേജർ. | 50,000. |

പേര് : ഡൈനിംഗ് ഹാൾ.
മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം, ആരോഗ്യം, പഠനം. | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ. | 1 വർഷം | മാനേജർ | മാനേജർ. |

പേര് : പ്രീപ്രൈമറി ലാബ്.
മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| (1) പ്രീപ്രൈമറി വിദ്യാഭ്യാസ സൗകര്യം വർധിപ്പിക്കൽ, (2) ലാബുകൾ ശാസ്ത്രീയമാക്കൽ. | ആകർഷകമായ വിധത്തിൽ പ്രീപ്രൈമറി, ലാബ് മുറികൾ. | 1 വർഷം | PTA, മാനേജർ | മാനേജർ. |

പേര് : മാലിന്യസംസ്കരണം.

മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശുചിത്വമുള്ള അന്തരീക്ഷമൊരുക്കാൻ. | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിച്ച് മാലിന്യമുക്ത ഭൂമികരണമൊരുക്കാൻ. | 1 വർഷം | S.S.G. | 1 ലക്ഷം ജില്ലാ പഞ്ചായത്ത്. |

പേര് : ഓഫീസ് ഡിജിറ്റലൈസേഷൻ.

മേഖല : ഭൗതികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| വിദ്യാലയ ആവശ്യത്തിനും പൊതുജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കാൻ. | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, ടി.സി. രജിസ്റ്റർ, മാർക്ക് രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കലും ആവശ്യമായ വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കലും. | 1 വർഷം | HM, Staff. | 5 lakhs. C.S.R. fund. |

## സാമൂഹികം :

* പൂർവവിദ്യാർഥി സംഗമം
* പി.ടി.എ. , എം.ടി.എ. സർഗോത്സവം.
* വായനക്കൂട്ടം.
* സ്കൂൾ കലണ്ടർ
* പഠനക്കൂട്ടങ്ങൾ.

പേര് : പൂർവ്വവിദ്യാർഥി സംഗമം.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സാമ്പത്തിക പങ്കാളിത്തം ഉറപ്പാക്കൽ. | പൂർവവിദ്യാർഥി സംഗമം വിളിച്ചു ചേർക്കൽ, വിദ്യാലയ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരണം. | വർഷത്തിൽ 1 തവണ | S.S.G. | 5000/- |

പേര് : പി.ടി.എ., എം.ടി.എ. കലോത്സവം.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കൽ. | പി.ടി.എ., എം.ടി.എ., അധ്യാപകർ എന്നിവർ സംയുക്തമായി കലാപരിപാടികൾ അവതരിപ്പിക്കൽ, സമ്മാനങ്ങൾ നൽകൽ. | വർഷത്തിൽ 1 തവണ. | PTA, MTA, SRG. | 10,000/- PTA fund. |

പേര് : വായനക്കൂട്ടം.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ, നാട്ടിലെ വായനതൽപരർ എന്നിവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായിക്കാൻ നൽകൽ, നല്ല വായനക്കാരെ ആദരിക്കൽ. | ആവശ്യാനുസരണം. | ലൈബ്രേറിയൻ. | PTA. |

പേര് : സ്കൂൾ കലണ്ടർ.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ. | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ. | വർഷത്തിൽ 1 | SRG, PTA. | 10,000/- പരസ്യം. |

പേര് : പഠനക്കൂട്ടങ്ങൾ.
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മികവുകളുടെ അവതരണം. പഠനം കാര്യക്ഷമമാക്കൽ. | വിദ്യാർഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കൽ. ഓരോ ടേമിലും ഒന്ന് വീതം അര ദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണം, രക്ഷിതാക്കൾക്ക് വേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തൽ. | ഓരോ ടേമിലും ഒന്ന് വീതം, അവധിയിൽ 1 ദിവസം പഠനക്കൂട്ടം. | SRG, PTA, SSG. | 5000/- Sponsership. |

# ഉപസംഹാരം

മേൽ വിവരിച്ച വിവിധ മേഖലകളിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സമൂഹവും, മാനേജ്മെന്റും, അധ്യാപകരും തോളോടു തോൾ ചേർന്നുള്ള പ്രവർത്തനങ്ങളും, വിവിധ ഔദ്യോഗിക ഏജൻസികളുടെ നിർലോഭമായ പിന്തുണാ സംവിധാനവും ഏകോപിപ്പിച്ച് ഒരു മാതൃകാസമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന സുവ്യക്തമായ ലക്ഷ്യത്തോടെ മുന്നേറാൻ ഉള്ള നിരന്തരമായ പരിശ്രമങ്ങൾ നടത്തുക വഴി മേൽ വിവരിച്ച ലക്ഷ്യങ്ങൾ കൈവരിക്കുമെന്ന് ഞങ്ങൾ ഉറപ്പു തരുന്നു.